പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2224 — 12.02.2013 ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന കേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർക്ക് നാട്ടിൽ പോകുവാൻ അനുമതി നൽകിയ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അറബിക്കടലിൽ രണ്ട് മലയാളി മത്സ്യത്തൊഴിലാളികളെ വെടിവച്ചു കൊന്നകേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർക്ക് നാട്ടിൽ പോകുവാൻ അനുമതി നൽകി ക്കൊണ്ടുള്ള കോടതി ഉത്തരവ് ആഭ്യന്തര വകുപ്പിന് ലഭിച്ചത് ഏതു ദിവസം ഏതു സമയത്താണെന്നു വ്യക്തമാക്കുമോ;<br>(ബി) ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് ജയിൽ അധികൃതർക്ക് ഏതു ദിവസം ഏതു സമയത്ത് എത്തിച്ചുവെന്ന് വ്യക്ത മാക്കുമോ;<br>(സി) ജയിലിലെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഇറ്റാലിയൻ നാവികരെ ജയിലിൽ നിന്ന് ഏതു ദിവസം, ഏതു സമയം പുറത്തിറക്കിയെന്ന് വ്യക്ത മാക്കുമോ; | (എ) മുതൽ (സി) വരെ | ബഹു. കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പ്രകാരം 02.06.2012 മുതൽ ഇറ്റാലി യൻ നാവികർ ജാമ്യത്തിൽ കഴിഞ്ഞു വരികയാണ്. ആയതിനാൽ അവർക്ക് നാട്ടിൽ പോകുന്നതിന് ജയിൽ വകുപ്പിൽ നിന്നും അനു വാദം ആവശ്യമില്ലാത്തതാണ്. |
| (ഡി) ഇറ്റാലിയൻ നാവികർ ഏതു ദിവസം, ഏതു സമയത്തെ വിമാനത്തിലാണു അവരുടെ രാജ്യത്തിലേക്കു പുറപ്പെട്ട തെന്നു വ്യക്തമാക്കുമോ; | (ഡി) | 21.12.2012 ന് രാത്രി 10.40 ന് ഇറ്റാലി യൻ സർക്കാരിന്റെ വിമാനത്തിലാണ് അവരുടെ രാജ്യത്തേക്ക് പുറപ്പെട്ടത്. |
| (ഇ) ഇന്നാട്ടുകാരായ തടവുകാർക്കും ഓണം, വിഷു, ക്രിസ്തുമസ്, റംസാൻപോലുള്ള ആഘോഷവേളകളിൽ നാട്ടിൽ പോകു ന്നതിന് അനുമതി നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ? | (ഇ) | കേരളാ പ്രിസൺ റൂൾസ് 1958 പ്രകാരം തടവുകാർക്ക് യഥാസമയം പരോൾ അനുവദിച്ചുവരുന്നുണ്ട്. എന്നാൽ വിശേഷാവസരങ്ങളിൽ പരോൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയി ലില്ല. |

സെക്ഷൻ ഓഫീസർ